## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :425 — 01.12. 2015 ൽ മറുപടിക്ക്

### വൈദ്യുതി നിരക്ക് വർദ്ധന

ചോദ്യം — ഉത്തരം

ശ്രീ.സി.ദിവാകരൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പ്രാവശ്യം വൈദ്യുതി നിരക്കുകൾ വർദ്ധിച്ചുവെന്നു വ്യക്തമാക്കുമോ; ഓരോ പ്രാവശ്യവും ഓരോ സ്ലാബിനും യൂണിറ്റ് ഒന്നിന് എത്ര വീതം വർദ്ധനവ് വരുത്തി ; ഈ ഇനത്തിൽ കെ.എസ്.ഇ.ബി.ക്ക് ഉണ്ടായ അധിക വരുമാനം എത്ര; | (എ) മൂന്നുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>ഓരോ തവണയുമുള്ള വർദ്ധനവിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>2012-13 ൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം, 1257 കോടി രൂപയുടെയും, 2013-14 ൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും, 2014-15 ൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം 600 കോടി രൂപയുടെയും അധികവരുമാനം കണക്കാക്കിയിട്ടുണ്ട്. |
| (ബി) കെ.എസ്.ഇ.ബി. ഇപ്പോൾ ലാഭത്തിലാണെങ്കിൽ 2011 മുതൽ ഓരോ വർഷത്തേയും ലാഭം എത്ര ആണ്; നഷ്ടമാണെങ്കിൽ ഓരോ വർഷവും എത്ര; | (ബി) കെ.എസ്.ഇ.ബി 2012-13 സാമ്പത്തിക വർഷം വരെ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന നിശ്ചിത ശതമാനം ലാഭം അക്കൗണ്ട്സിൽ കാണിക്കുന്നുണ്ട്. ഇപ്രകാരം ലാഭം കാണിക്കേണ്ട തുകയിൽ വന്ന കുറവും നഷ്ടവും ചേർത്ത് റവന്യൂ ഗ്യാപ്പ് അഥവാ റെഗുലേറ്ററി അസറ്റായി വരവുവച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ കമ്പനി ആക്ട് പ്രകാരമുള്ള നഷ്ടം/ലാഭം കാണിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | റവന്യൂ ഗ്യാപ്പ്/റെഗുലേറ്ററി അസറ്റ് | നഷ്ടം (തുക കോടിയിൽ) |
|---|---|---|
| 2010-11 | 1229.62 | |
| 2011-12 | 1934.13 | |
| 2012-13 | 3998.89 | |
| 2013-14 | 848.29 (upto 31.10.2013) | 24.25 (01.11.2013 to 3.03.2014) |
| 2014-15 | | 1272.90 |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്